**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.4115**
**12.11.2019-ലെ മറുപടിക്ക്**

**ശ്രീമതി.ഗിരിജാദേവിയുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) 2005-ൽ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് വിരമിക്കുകയും 25.07.2019-ൽ മരണമടയുകയും ചെയ്ത കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പാപ്പൻ.പി.വി, പുളയോരത്ത്, ചാവക്കാല, കോതനെല്ലൂർ, കോട്ടയം, എന്നയാളുടെ കുടുംബത്തിന് പെൻഷൻ ഒഴികെ മറ്റ് ആനുകൂല്യങ്ങൾ ഒന്നും കിട്ടിയിട്ടില്ല എന്ന് കാണിച്ച് ഭാര്യ ഗിരിജാ ദേവി ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | മരണപ്പെട്ട പി.വി.പാപ്പന്റെ ഡി.സി.ആർ.ജി അനുവദിക്കുന്നത് സംബന്ധിച്ച അംഗീകാരം നൽകിയതായി 01.02.2019-ലെ പി-01/02/2101653219/214 നം.കത്ത് പ്രകാരം എ.ജി അറിയിച്ചിട്ടുണ്ട്. പി.വി.പാപ്പൻ കമ്മ്യൂട്ടേഷന് അപേക്ഷിക്കാത്തതിനാൽ കെ.എസ്.ആർ പാർട്ട് 3 അനുബന്ധം 10 പാർട്ട്- സി 5 പ്രകാരം ടിയാൾക്ക് കമ്മ്യൂട്ടേഷന് അർഹതയില്ല. നിലവിൽ ശ്രീമതി.ഗിരിജാദേവി സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിഷയം പെൻഷൻ കുടിശ്ശിക സംബന്ധിച്ചതാണ്. സേവനത്തിലിരിക്കെ അച്ചടക്ക നടപടി നേരിട്ട ശ്രീ.പാപ്പൻ, പെൻഷൻ അനുവദിക്കുന്നതിലേക്കായി ഫയൽ ചെയ്ത OA(EKM) No.957/2016 ഹർജിയിന്മേലുള്ള 21.02.2017-ലെ വിധിയുമായി ബന്ധപ്പെട്ട് 06.04.2017-ലെ സ.ഉ(സാധ ാ)3230/2017/ധന. ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ 31.08.2005-ൽ വിരമിച്ച ടിയാൻ 01.11.2013-ലാണ് പെൻഷന് അപേക്ഷിച്ചിരിക്കുന്നത് എന്നതിനാൽ വിരമിക്കൽ തീയതി മുതൽ പെൻഷൻ അനുവദിക്കാനാവില്ലെന്ന് കെ.എസ്.ആർ പാർട്ട് 3 ചട്ടം 120 പ്രകാരം തീരുമാനമാകുകയും തുടർന്ന് പെൻഷൻ കുടിശ്ശിക അനുവദിക്കാൻ ടിയാൾ OA (EKM) 1001/2017 നം.ഹർജി ഫയൽ ചെയ്യുകയും ആയതിന്റെ 19.12.2018-ലെ വിധിയിൽ മേൽ പരാമർശിത സർക്കാർ ഉത്തരവ് റദ്ദാക്കുന്നതായും ഹർജിക്കാരന് വിരമിക്കൽ തീയതി മുതൽ പെൻഷൻ നല്കാനും ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് കെ.എസ്.ആർ പാർട്ട് 3-യിലെ |

| | |
|---|---|
| | നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാകയാൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും വിധിയ്ക്കായി കാത്തിരിക്കുകയുമാണ്. ടി ഹർജിയിൽ അന്തിമതീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ശ്രീമതി.ഗിരിജാദേവിയുടെ നിലവിലെ അപേക്ഷ പരിശോധിയ്ക്കാനാവൂ എന്ന വിവരം 05.11.2019-ലെ 1135157/പെൻ-ബി2/2019/ധന.നമ്പർ കത്ത് പ്രകാരം പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്. |
| ബി ) ഗിരിജാ ദേവിക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | ശ്രീമതി.ഗിരിജാ ദേവി ആനുകൂല്യങ്ങൾക്കായി ബഹു.കടുത്തുരുത്തി എം.എൽ.എ. ശ്രീ.മോൻസ് ജോസഫ് മുഖേന ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് അപേക്ഷ നൽകിയിരിക്കുന്നത് 28.08.2019-ലാണ്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനായി ശ്രീ.പാപ്പൻ.പി.വി. ഫയൽ ചെയ്ത OA(EKM) 1001/2017 നം. ഹർജിയുടെ 19.12.2018-ലെ വിധി കെ.എസ്.ആർ പാർട്ട് 3 -യിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാകയാൽ ധനകാര്യ വകുപ്പ് അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും വിധിയ്ക്കായി കാത്തിരിക്കുകയുമാണ്. നിലവിലുള്ള ചട്ടപ്രകാരം ശ്രീമതി.ഗിരിജാദേവിയ്ക്ക് കുടിശ്ശിക സംബന്ധിച്ച് അർഹതയില്ല. |
| **സി)** ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വിശദീകരിക്കുമോ? | ഈ ഫയൽ നിലവിൽ ധനവകുപ്പിലാണുള്ളത്. |

**സെക്ഷൻ ഓഫീസർ**